"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീമതി. രോഹിണി പി.-യും മറ്റുള്ളവരും ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA(E) 855/2020- മേലുള്ള വിനിന്യായ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂഎ) വകുപ്പ്

G.O.(Rt) No.767/2021/LSGD — തീയതി, തിരുവനന്തപുരം, 24/03/2021

---

പരാമർശം:- 1 ശ്രീമതി. സുപ്രിയ കെ.-യുടെ 07.12.2019 -ലെ നിവേദനം.

2 ശ്രീമതി. രോഹിണിയുടെ 19.05.2020-ലെ നിവേദനം.

3 ശ്രീ. സുരേന്ദ്രനാഥ് എസ്. വി.-യുടെ 19.05.2020-ലെ നിവേദനം.

4 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(E) 855/2020 മേലുള്ള 29.06.2020-ലെ ഇടക്കാല ഉത്തരവ്.

5 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 01.12.2020-ലെ എ1-2927/17(OA(E)-855(20)/സി.ഇ/തസ്വഭവ നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശസ്വയം ഭരണ എഞ്ചിനിയറിംഗ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരായ ശ്രീമതി പി. രോഹിണിയും മറ്റുള്ളവരും ചേർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ മുമ്പാകെ ഫയൽ ചെയ്ത OA 855/2020 നമ്പർ അന്യായത്തിൽ, തങ്ങളെ ഈ വകുപ്പിലേയ്ക്ക് സ്ഥിര ആഗീരണം ചെയ്ത തീയതിയ്ക്ക് മുമ്പുള്ള തീയതി പ്രാബല്യത്തിൽ മാതൃവകുപ്പിൽ (പൊതുമരാമത്ത് വകുപ്പ്) സീനിയോറിറ്റി പുന:ക്രമീകരിച്ച് 2010-ലെ സീനിയോറിറ്റി ലിസ്റ്റ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ വകുപ്പിലും തങ്ങൾക്ക് ആ സീനിയോറിറ്റി വക വെച്ച് നൽകാൻ സർക്കാരിന് നിർദ്ദേശം നൽകണമെന്ന് അപേക്ഷിച്ചിരുന്നു.

2. ടി അന്യായത്തിൽ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം(4) പ്രകാരം പുറപ്പെടുവിച്ച ഇടക്കാല വിധിയിൽ, ടി ജീവനക്കാരുടെ പരാമർശം (1) മുതൽ (3) വരെയുള്ള അപേക്ഷകൾ പരിഗണിച്ച്, അവരെ നേരിൽ കേട്ട്, 3 മാസങ്ങൾക്കുള്ളിൽ ഉചിതമായ തീരുമാനമെടുക്കണമെന്ന് ഉത്തരവിട്ടിരുന്നു.

3. അപേക്ഷകർ ശ്രീമതി. രോഹിണിയും മറ്റും പൊതുമരാമത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും പിന്നീട് അവരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയം ഭരണ വകുപ്പിലേയ്ക്ക് ആഗിരണം ചെയ്യപ്പെടുകയുമാണുണ്ടായത്. ഇവർ 2013-ലാണ് സ്ഥിരമായി ഈ വകുപ്പിലേയ്ക്ക് ആഗിരണം ചെയ്യപ്പെട്ടത്. ഇങ്ങനെ പൊതുമരാമത്ത് വകുപ്പിൽ നിന്നും ജലസേചന വകുപ്പിൽ നിന്നുമായി ആഗിരണം ചെയ്യപ്പെട്ടവർക്ക് അവരുടെ മാതൃവകുപ്പിലെ നിശ്ചയിച്ചിട്ടുള്ള കേഡർ സീനിയോറിറ്റി ഈ വകുപ്പിലും അനുവദിച്ച് നൽകുമെന്ന് തീരുമാനിച്ചിരുന്നു.

4. തദ്ദേശ സ്വയംഭരണ വകുപ്പിലെ എൽ. ഡി. ക്ലാർക്കുമാരുടേയും യു. ഡി. ക്ലാർക്കുമാരുടേയും സീനിയോറിറ്റി ലിസ്റ്റ് എല്ലാ നടപടിക്രമങ്ങളും പാലിച്ച് 2014 ൽ പ്രസിദ്ധീകരിച്ചിരുന്നു. അന്ന് ഈ അപേക്ഷകർ തങ്ങളുടെ എതിർപ്പ് പ്രകടിപ്പിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ പൊതുമരാമത്ത് വകുപ്പിലെ തങ്ങളുടെ സീനിയോറിറ്റി പുന:ക്രമീകരിച്ച് കൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ തങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്ക് ആഗിരണം ചെയ്ത തീയതിയ്ക്ക് മുമ്പ് മാതൃവകുപ്പിൽ പുന:ക്രമീകരിച്ച് കിട്ടിയ സീനിയോറിറ്റി തദ്ദേശ സ്വയംഭരണ വകുപ്പിലും അനുവദിച്ച് നൽകണമെന്നാണ് ടിയാളുകൾ ആവശ്യപ്പെടുന്നത്.

5. തദ്ദേശ സ്വയംഭരണ വകുപ്പിലെ സെറ്റിൽഡ് സീനിയോറിറ്റി ഇത്രയും വർഷങ്ങൾക്ക് ശേഷം

(മറുപുറം)

പുന:ക്രമീകരിക്കുന്നത് ശരിയല്ലെന്നും ആയത് ബഹു. സുപ്രീം കോടതിയുടേയും ബഹു. ഹൈക്കോടതികളുടേയും വിവിധ വിധിന്യായങ്ങൾക്ക് എതിരാവുമെന്നും അപേക്ഷകരുടെ നിവേദനത്തിന് നിയമപരമായ സാധുത ഇല്ലെന്നും ആയത് പരിഗണനാർഹമല്ലെന്ന് കണ്ട് തള്ളിക്കളയണമെന്നുമാണ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തത്.

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെ അണ്ടർ സെക്രട്ടറി നേരിൽ കേട്ടു. ചീഫ് എഞ്ചിനിയറുടെ ഓഫീസിൽ നിന്നുള്ള ഉദ്യോഗസ്ഥനും ഹാജരായിരുന്നു. അപേക്ഷകർ തങ്ങളുടെ വാദങ്ങൾ വിശദീകരിക്കുകയും ആയതിന് ഉപോൽബലക മായിട്ടുള്ള രേഖകൾ ഹാജരാക്കുകയും ചെയ്തു.

7. തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്ക് മാതൃവകുപ്പിൽ നിന്നും സ്ഥിരമായി ആഗിരണം ചെയ്യപ്പെട്ട ഒരാൾക്ക്, തന്റെ സ്ഥിര ആഗിരണ തീയതിയ്ക്ക് മുമ്പുള്ള തീയതിയിലുള്ള സീനിയോറിറ്റി മാതൃവകുപ്പ് പുന:ക്രമീകരിക്കുമ്പോൾ ആയതിന്റെ ആനുകൂല്യം തദ്ദേശ സ്വയംഭരണ വകുപ്പിലും അനുവദിക്കണമെന്ന പൊതു ആവശ്യമാണ് അപേക്ഷകർ ഉന്നയിക്കുന്നത്. ഈ അപേക്ഷകരെല്ലാം പൊതുമരാമത്ത് വകുപ്പിൽ നിന്നും ആഗിരണം ചെയ്യപ്പെട്ടവരാണ്. ഇവർ തങ്ങളുടെ സമ്മതപത്രം (option) നൽകി വന്നവരാണ്. ആ സമ്മതപത്രത്തിലോ പിന്നീട് ഇവരുടെ ആഗീരണവുമായി ബന്ധപ്പെട്ട് ഈ വകുപ്പ് /ചീഫ് എഞ്ചിനിയർ പുറപ്പെടുവിച്ച ഉത്തരവുകളിലോ നടപടിക്രമങ്ങളിലോ ആഗീരണം ചെയ്യപ്പെട്ട ശേഷം മാതൃവകുപ്പ്, ആഗീരണ തീയതിയ്ക്ക് മുമ്പുള്ള തീയതി അടിസ്ഥാനമാക്കി തങ്ങളുടെ സീനിയോറിറ്റി പുന:ക്രമീകരിക്കുന്ന പക്ഷം ആയതിന്റെ ആനുകൂല്യം ലഭ്യമാകില്ല എന്ന് വ്യവസ്ഥ ചെയ്തിരുന്നില്ല. മാതൃവകുപ്പിൽ 2010 അടിസ്ഥാനത്തിൽ തങ്ങളുടെ സീനിയോറിറ്റി പുന:ക്രമീകരിച്ച് ഉത്തരവ് ഇറങ്ങിയത് 2016 ലും അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചത് 2017-ലുമാണ്. എന്നാൽ ഇവരുടെ സീനിയോറിറ്റി പുന:ക്രമീകരിച്ചിരിക്കുന്നത് ഇവരെ തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്ക് സ്ഥിരമായി ആഗീരണം ചെയ്തതിന് മുമ്പുള്ള തീയതി അടിസ്ഥാനമാക്കിയായതിനാൽ അപേക്ഷകർ ഉൾപ്പെടെയുള്ളവർക്ക് ഈ പുന:ക്രമീകരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ട് എന്ന് സർക്കാർ കാണുന്നു.

8. സെറ്റിൽഡ് സീനിയോറിറ്റിയിൽ മാറ്റം വരും എന്ന കാരണത്താൽ ഒരാൾക്ക് ന്യായമായും ലഭിക്കേണ്ട സർവ്വീസ് ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് ഉചിതമാണെന്ന് തോന്നുന്നില്ല. പ്രത്യേകിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിലെ തന്നെ വിവിധ തസ്തികകളിൽ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലും അല്ലാതെയും സെറ്റിൽഡ് സീനിയോറിറ്റിയിൽ മാറ്റം വരുത്തിയ സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് രേഖകൾ വെളിവാക്കുന്നു. മാതൃവകുപ്പിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനുണ്ടായ കാലതാമസത്തിന് ടിയാളുകൾ ഉത്തരവാദികളല്ല.

9. തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്കുള്ള മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ആഗിരണം സംബന്ധിച്ച് പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും നിശ്ചയിച്ച് ഉത്തരവായിട്ടില്ല. അത്തരം മാനദണ്ഡങ്ങളുടെ അഭാവത്തിൽ സ്ഥിരമായി ആഗിരണത്തിന് ശേഷം മാതൃവകുപ്പിൽ മുൻകാല പ്രാബല്യത്തോടെയുള്ള സീനിയോറിറ്റി പുന:ക്രമീകരണം ഉണ്ടായിട്ടുള്ള/ഉണ്ടാകുന്ന പക്ഷം ടി ജീവനക്കാർക്ക് അതിന്റെ ആനുകൂല്യം ലഭിക്കേണ്ടതാണ്.

10. 2013-ൽ ഉദ്യോഗസ്ഥരുടെ സ്ഥിര ആഗിരണം പൂർത്തിയായ അവസരത്തിൽ, ഇങ്ങനെ ആഗീരണം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി എങ്ങനെ നിശ്ചയിക്കണമെന്നത് സംബന്ധിച്ച് ചീഫ് എഞ്ചീനിയറുടെ ചേംബറിൽ ഗവ. അണ്ടർ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ, ഓപ്ഷൻ നൽകി ഈ വകുപ്പിലേയ്ക്ക് വന്ന യു.ഡി. ക്ലാർക്കുമാരുടെ യോഗം വിളിച്ച് ചേർക്കുകയും ടി യോഗത്തിലെടുത്ത തീരുമാന പ്രകാരം ഏത് കേഡറിലേയ്ക്കാണോ ഒരു ജീവനക്കാരൻ ഈ വകുപ്പിലേയ്ക്ക് വന്നത്, പ്രസ്തുത കേഡറിലെ സീനിയോറിറ്റി അടിസ്ഥാനമാക്കി ഈ വകുപ്പിലെ സീനിയോറിറ്റി നിശ്ചയിക്കണമെന്നും കൂടാതെ മാതൃവകുപ്പിൽ മുൻകാല പ്രാബല്യത്തിൽ പുനർനിർണ്ണയം ചെയ്ത സീനിയോറിറ്റി ഈ വകുപ്പിൽ കണക്കിലെടുക്കേണ്ട എന്നും തീരുമാനിച്ചിരുന്നു എന്ന് ചീഫ് എഞ്ചിനിയർ അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

11. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, പൊതുമരാമത്ത് വകുപ്പിൽ നിന്ന് തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്ക് സ്ഥിരമായി ആഗീരണം ചെയ്യപ്പെട്ട തങ്ങൾക്ക് ഈ വകുപ്പിലെ സ്ഥിര ആഗീരണ തീയതിയ്ക്ക് മുമ്പുള്ള തീയതി പ്രാബല്യത്തിൽ മാതൃവകുപ്പിൽ പുന:ക്രമീകരിച്ച സീനിയോറിറ്റി തദ്ദേശ സ്വയംഭരണ വകുപ്പിലും പരിഗണിയ്ക്കണമെന്ന അപേക്ഷകരുടെ ആവശ്യം അംഗീകരിക്കാവുന്നതാണെന്ന് സർക്കാർ കാണുന്നു. ആയതിനാൽ, അപേക്ഷകരുടെ അടക്കം സമാന ജീവനക്കാരുടെ സീനിയോറിറ്റി അതനുസരിച്ച് പുന:ക്രമീകരിക്കുന്നതിന് വേണ്ട നടപടികളെടുക്കാൻ ചീഫ് എഞ്ചിനിയർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

12. ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(E) 855/2020 മേലുള്ള 29.06.2020-ലെ ഇടക്കാല ഉത്തരവിലെ നിർദ്ദേശം പാലിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJUKUTTAN.M.S
ADDITIONAL SECRETARY

പകർപ്പ് :

1. ശ്രീമതി. രോഹിണി പി., ജൂനിയർ സൂപ്രണ്ടും മറ്റുള്ളവരും (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അഡ്വക്കേറ്റ് ജനറൽ, എറണാകുളം ( ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SREEKANTH G
Date: 2021.03.26 10:42:02 IST
Reason: Approved
സെക്ഷൻ ഓഫീസർ